ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/34850/2023-DEB1 തീയതി: 04-04-2025

പ്രിൻസിപ്പൽ ഡയറക്ടർ

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

സർ,

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-ഗ്രാമവികസന വകുപ്പ്-വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ലോവർ)-2025- സംബന്ധിച്ച്

സൂചന :
1. ഈ കാര്യാലയത്തിലെ 18.12.2024-ലെ LSGD/PD/18283/2024-GEA2 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 20.08.2024-ലെ LSGD/PD/18287/2024-GEA2നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 10.12.2024-ലെ LSGD/PD/41609/2023-GEA4 നമ്പർ ഉത്തരവ്
4. **29.03.2025**-ലെ തസ്വഭവ-ഇആർഎ**2/149/2024/**തസ്വഭവ നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടത്തിലെ, റൂൾ 12 പ്രകാരം നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ എല്ലാ ജീവനക്കാർക്കും പൊതു സർവ്വീസ് നിലവിൽ വരുന്നതിന് മുമ്പ് അതത് വകുപ്പിൽ ലഭ്യമായിരുന്ന സീനിയറിറ്റി, പ്രൊമോഷൻ, ബൈടാൻസ്ഫർ നിയമനം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതും, അതിൻ പ്രകാരം നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന വിശേഷാൽ ചട്ടം അടിസ്ഥാനമാക്കിയാണ് സ്ഥാനക്കയറ്റം നൽകേണ്ടതെന്നും സർക്കാർ സൂചന (4) കത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ആകയാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള

ബൈട്രാൻസഫർ നിയമനത്തിന് ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് ബിരുദം യോഗ്യത ആവശ്യമാണെന്ന് കാണുന്നു. ടി സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ വിഭാഗത്തിലെ (മുൻ ഗ്രാമവികസന വകുപ്പ്) സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനകയറ്റം നടത്തുന്നതിലേക്ക് ഡി.പി.സി (ലോവർ) ചേരുന്നതുമായി ബന്ധപ്പെട്ട് സൂചന (1) സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നമ്പർ (1) മുതൽ (200) വരെയുള്ളയുള്ളതും, സൂചന (2) സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നമ്പർ (1) മുതൽ (44) വരെയുള്ളതും, സൂചന (3) സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നമ്പർ (1) മുതൽ (20) വരെയുള്ളവരുമായ ഉദ്യോഗസ്ഥർ 2022, 2023, 2024 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ **07.04.2025** തീയതിയ്ക്ക് മുൻപായി score.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ലഭ്യമാക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥരിൽ സീനിയോരിറ്റി ലിസ്റ്റിൽ ബിരുദ യോഗ്യത രേഖപ്പെടുത്തിയിട്ടില്ലാത്തവർ ആയത് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കേറ്റിന്റെ പകർപ്പ് ഓഫീസ് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി dpcpdlsgd@gmail.com എന്ന ഈ-മെയിലിൽ 07.04.2025 തീയതിയ്ക്ക് മുൻപായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജോയിന്റ് ഡയറക്ടർമാർ നിർദ്ദേശം നൽകേണ്ടതാണ്. പ്രസ്തുത വർഷങ്ങളിലെ സി.ആർ സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ടതില്ല. **സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.**

Signed by
Dinesan Cheruvat
Date: 04-04-2025 14:21:55

വിശ്വസ്തതയോടെ,

Dr. Dinesan Cheruvat IAS
DIRECTOR (RURAL)
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് : ഐ.ടി സെൽ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്